# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5552. 27.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിക്കുന്നതിനായി ഏത് തിയതി വരെ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളാണ് ക്രമവത്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്; എത്ര സ്ക്വയർഫീറ്റ് വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്കാണ് ഇത് ബാധകമാകുന്നത്; | (എ) | 15/02/2018-ലെ G.O.(P) No.11/2018/LSGD, G.O.(P)No.12/2018/LSGD എന്നീ ഉത്തരവുകൾ പ്രകാരം 2017 ജൂലൈ 31-നോ അതിന് മുൻപോ അനധികൃതമായി നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളാണ് ക്രമവൽക്കരണത്തിന് പരിഗണിക്കുന്നത്. ക്രമവൽക്കരണ ചട്ടങ്ങളിൽ ക്രമവൽക്കരണത്തിന് പരിഗണിക്കുന്നതിന് കെട്ടിടങ്ങളുടെ വിസ്തൃതി സംബന്ധിച്ച് നിയന്ത്രണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തൊട്ടാകെ ഏകദേശം എത്ര കെട്ടിടങ്ങളാണ് ഇത്തരത്തിൽ ക്രമവത്കരിക്കപ്പെടുന്നതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ ? | (ബി) | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ